"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്- **"ഏറത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം'** എന്ന പ്രവൃത്തിയ്ക്ക് രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകി (എ.എസ്.നമ്പർ : AS/LGD/24/39362) -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.82/2025/LSGD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:- 1) തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ്എഞ്ചിനീയറുടെ 18-03-2024 ലെ LSGD /PD/38728/2023-DB6 നമ്പർ തീയതി കത്ത്

2) സ.ഉ(സാ) നം 2452/2024/ത.സ്വ.ഭ.വ തീയതി 12/12/2024

**ഉത്തരവ്**

2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം- || മരാമത്തുപണികളുടെ വിശദവിവരങ്ങൾ -വാല്യം || ക്രമ നമ്പർ 342 ആയി, തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവഹണ വകുപ്പാക്കി 20% തുക വകയിരുത്തിയ **"ഏറത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം'** എന്ന പ്രവൃത്തിയ്ക്കാവശ്യമായ ഇരുന്നൂറ് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം- || വാല്യം- || ക്രമ നമ്പർ 342 ആയി, തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവഹണ വകുപ്പാക്കി 20% തുക വകയിരുത്തിയ **"ഏറത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം '** എന്ന പ്രവൃത്തിയ്ക്കാവശ്യമായ 200 ലക്ഷം രൂപയുടെ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92-00-00-0-N-Vഎന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

3) മേൽ പ്രവൃത്തിയ്ക്ക് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലേക്ക് E-anumathy portal മുഖേനയുള്ള ഭരണാനുമതി നമ്പർ ജനറേറ്റ് ചെയ്ത് ഉൾപ്പെടുത്താനാകാത്തതിനാൽ പ്രസ്തുത ഉത്തരവ് റദ്ദുചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ഏറത്ത് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
ധനകാര്യ വകുപ്പ് (2216993-Dev 3/I & PW -B2/264/2022 dtd: 02/12/2024) കരുതൽ ഫയൽ
(ഡി.ബി1/272/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 09-01-2025 13:52:30

സെക്ഷൻ ഓഫീസർ